⇨ *മൂന്നാറിൽ നടത്തുന്ന കെട്ടിടനിർമ്മാണങ്ങളുടെ കാര്യത്തിൽ അടിയന്തിര ഇടപെടൽ ആവശ്യമാണ്* ⇨

# മൂന്നാറിനെ സംരക്ഷിക്കാൻ പരിസ്ഥിതി അതോറിറ്റി രൂപീകരിക്കണം

മൂന്നാറിന്റെ ജൈവ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനും അതിനനുസൃതമായി മാത്രമേ കെട്ടിടനിർമ്മാണം, ഭൂവിനിയോഗം, വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ അനുമതി, വിനോദ സഞ്ചാര വികസന പരിപാടികൾ തുടങ്ങിയവ നിർവ്വഹിയ്ക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുമായി ഒരു പരിസ്ഥിതി പരിപാലന വികസന അതോറിറ്റി ആറുമാസത്തിനകം രൂപീകരിക്കണമെന്ന് ശുപാർശ ചെയ്ത് മുല്ലക്കര രത്നാകരൻ എം.എൽ.എ അദ്ധ്യക്ഷനായ നിമയസഭാ പരിസ്ഥിതി സമിതി അടുത്തിടെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ ചർച്ചയ്ക്കായി മുന്നോട്ടുവയ്ക്കുന്നു.

**നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട്**

**ഇനിയും** തിരുത്തിയില്ലെങ്കിൽ തിരുത്തലുകൾ അസാധ്യമാകും വിധം ഗുരുതരമായ സ്ഥിതിയാണ് മൂന്നാറിലുള്ളത്. അനധികൃത കെട്ടിട നിർമ്മാണം, അശാസ്ത്രീയമായ വിനോദസഞ്ചാരപരിപാടികൾ ജീവനാഡികളായ പുഴകളിലെ മാലിന്യ കൂമ്പാരങ്ങൾ, അനിയന്ത്രിതമായ നഗരവൽക്കരണം, വാഹനപ്പെരുപ്പം തുടങ്ങിയവ മൂന്നാറിന്റെ തനത് പരിസ്ഥിതിയെ എന്നെന്നേക്കുമായി ഇല്ലാതാക്കുന്ന സ്ഥിതി വന്നുചേർന്നിരിക്കുന്നു.

നിലവിലുള്ള സർക്കാർ സംവിധാനങ്ങളും നിയന്ത്രണച്ചട്ടങ്ങളും മൂന്നാറിന്റെ പരിസ്ഥിതി സംരക്ഷണത്തിന് പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. വിവിധ വകുപ്പുകൾ വഴി നടന്നേക്കാവുന്ന ചെറിയ തിരുത്തലുകൾക്കോ മുഖം മിനുക്കലുകൾക്കോ ഉള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിക്കുന്നതും, വിദഗ്ധരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതും, മൂന്നാറിന്റെ വികസനപരിപാലന നയരൂപീകരണത്തിലും നടപ്പിലാക്കലിലും പരിശോധനയിലും നിയമം വഴി അധികാരപ്പെടുത്തപ്പെട്ടതുമായ ഒരു അതോറിറ്റി മൂന്നാറിനായി ഉണ്ടാകേണ്ടതാണ്. സമ്മർദ്ദവും സ്വാധീനവും കൊണ്ട് സർക്കാർ സംവിധാനങ്ങളെ അതിജീവിച്ച്, ഇളവുകളും അനുമതികളും നേടിയെടുത്ത് മൂന്നാറിൽ നടത്തുന്ന കെട്ടിടനിർമ്മാണങ്ങളുടെ കാര്യത്തിൽ അടിയന്തിര ഇടപെടൽ ആവശ്യമാണ്.

മാലിന്യ നിർമ്മാർജന പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പൊതുമാനദണ്ഡം ബാധകമാക്കുന്നത് ഉചിതമല്ലെന്ന് സമിതി വിലയിരുത്തുന്നു. മൂന്നാർ പോലുള്ള പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ നിർമ്മാർജനം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് അനുയോജ്യമായ സാങ്കേതികവിദ്യാ സഹായവും അതികധനസഹായവും നൽകേണ്ടതുണ്ട്. മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി ആരാഞ്ഞിരുന്നു. എന്നാൽ പരിസ്ഥിതി, റവന്യൂ, കാർഷിക വികസന കർഷക ക്ഷേമം, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകളിൽ നിന്നും മറുപടി ലഭിച്ചില്ല. മറുപടി നൽകിയതിൽ പല വകുപ്പുകളും ജോലി തീർക്കാനൊരു മറുപടി എന്ന നിലയ്ക്കാണ് സമിതിയുടെ ആവശ്യത്തെ സമീപിച്ചത്. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്ന കാര്യത്തിലെ വകുപ്പുകളുടെ വിമുഖതയും വകുപ്പുകൾ മു

ന്നോട്ടുവെച്ച നിർദ്ദേശങ്ങളിലെ ആഴക്കുറവും ഈ സമിതിക്ക് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. വകുപ്പുകൾ നൽകിയ മറുപടികൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരളത്തിന് പൊതുവിൽ ബാധകമായ കെട്ടിടനിർമ്മാണ ചട്ടങ്ങൾ അപ്പടി മൂന്നാറിനും ബാധകമാക്കുന്നത് തീർത്തും അശാസ്ത്രീയമാണ്. മൂന്നാറിനായി വളരെ കരുതലോടെയും ശാസ്ത്രീയമായും മേഖലാനിർണ്ണയം നടത്തി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗര ഗ്രാമാസൂത്രണ വകുപ്പ് നൽകിയ ശുപാർശയിൽ സർക്കാർ അംഗീകാരം വൈകുന്നത് സർക്കാറിന്റെ വീഴ്ച്ചയല്ലാതെ മറ്റൊന്നുമല്ലെന്ന് ഈ സമിതി വിലയിരുത്തുന്നു.

ശാസ്ത്രീയമായ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും വിവരശേഖരണവും വിശകലനവും ഒഴിവാക്കാവുന്നതാണ്. വിനോദസഞ്ചാരം, കാലാവസ്ഥാ വ്യതിയാനം, ഭൂമിയുടെ ഉടമസ്ഥാവകാശം, കെട്ടിടനിർമ്മാണങ്ങൾ തുടങ്ങിയ അടിസ്ഥാന മേഖലകളുടെ കാര്യത്തിൽ പോലും മൂന്നാറിന്റെ കാര്യത്തിൽ മതിയായ വിവരങ്ങൾ സർക്കാറിന്റെ കൈവശമില്ല. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതും ജനാധിപത്യ സംവിധാനത്തിലെ അനിവാര്യവുമായ ഘടകമാണ് അതിവേഗം വളരുന്ന സാമൂഹിക മാധ്യമങ്ങളും സന്നദ്ധ സംഘടനകളും പഠന, ഗവേഷണ, നിരീക്ഷണ കൂട്ടങ്ങളും. പരിസ്ഥിതി സംരക്ഷണ പരിപാടികളിലും നയരൂപീകരണങ്ങളിലും ഈ ശബ്ദങ്ങൾക്കും ഇടപെടലുകൾക്കും പങ്കാളിത്തം നൽകേണ്ടതുണ്ട്. ഇത് മൂന്നാറിന്റെ കാര്യത്തിലും ഉണ്ടാകേണ്ടതുണ്ട്. പാരിസ്ഥിതിക ഘടനയുടെ പരിവർത്തനവും കാലാവസ്ഥാ വ്യതിയാനവും വിവിധതലത്തിലുള്ള പഠനങ്ങളും തിരുത്തൽ നടപടികൾ അനിവാര്യമാക്കുന്നു. ആരോഗ്യം, കൃഷി, വിനോദസഞ്ചാരം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ രംഗങ്ങളിലെല്ലാം പുതിയ നയരൂപീകരണം മൂന്നാറിന്റെ കാര്യത്തിൽ ആവശ്യമാണ്. ഇതിനായി പരിഷ്കരിച്ച പരിസ്ഥിതി സൗഹൃദപ്ലാനുകൾ ആവശ്യമാണ്.

മൂന്നാറിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഉത്തരവാദിത്വം നിറവേറ്റുന്നതേയില്ല. മൂന്നാറിന് അനുയോജ്യമായ മാലിന്യസംസ്കരണ സാങ്കേതികവിദ്യയോ സംവിധാനമോ പരിഗണിക്കപ്പെട്ടിട്ടില്ല. കെട്ടിടനിർമ്മാണം, പുഴകളുടേയും ജലാശയങ്ങളുടേയും സംരക്ഷണം എന്നിവയ്ക്കായി ശാസ്ത്രീയമായ കർമ്മപരിപാടികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിൽ ഒരു താത്പര്യവും മൂന്നാറിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണിച്ചിട്ടില്ല.

ജനം, വാഹനം, കെട്ടിടങ്ങൾ എന്നിവയുടെ പെരുപ്പം പരിഗണിയ്ക്കുമ്പോൾ, അവ മൂന്നാർ എന്ന പ്രദേശത്തിന്റെ സ്വാഭാവിക വാഹകശേഷിയുടെ പരിധിയ്ക്കും അപ്പുറമാണെന്ന് കാണാവുന്നതാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ഭൂചലനം തുടങ്ങിയ പ്രകൃതിദുരന്തങ്ങളോ മറ്റ് അപകടങ്ങളോ ഉണ്ടായാൽ നിലവിലെ സ്ഥിതിയിൽ അതിന്റെ വ്യാപ്തിയും ദുരന്താനുഭവങ്ങളും വളരെ വലുതായിരിക്കും.

മൂന്നാറിന് മാത്രമായി ഒരു പരിസ്ഥിതി പരിപാലന നയം നിലവിലില്ല എന്നത് അത്യന്തം ആശങ്കാജനകമാണ്. ഉപാധിരഹിത പട്ടയം, നഗരവൽക്കരണ മാതൃകയിലുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവ ആവശ്യപ്പെട്ട് കടുത്ത ജനകീയ പ്രക്ഷോഭങ്ങൾ മൂന്നാറിലുണ്ടെന്നും ഇത്തരം പ്രക്ഷോഭങ്ങൾ മൂന്നാറിനായി ഒരു പരിസ്ഥിതി പരിപാലന നയം രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും തടസ്സമാണെന്നും സർക്കാർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പൊതുജനത്തിന്റെതായി നടത്തപ്പെടുന്ന ചില പ്രക്ഷോഭങ്ങളെങ്കിലും ആസൂത്രണം ചെയ്യുന്നതും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും അവയുടെ ഗുണഫലം അനുഭവിക്കുന്നതും നിക്ഷിപ്ത താത്പര്യ കൂട്ടുകെട്ടുകളാണ്. മൂന്നാറിൽ സ്ഥിരതാമസമാക്കിയ സാധാരണക്കാരന്റെ ശബ്ദം മൂന്നാറിന്റെ പ്രകൃതിയ്ക്കും പരിസ്ഥിതിയ്ക്കും വേണ്ടിയുള്ളതാണെന്ന് സമിതിയ്ക്ക് ബോധ്യമായിട്ടുണ്ട്.

മൂന്നാറിന്റെ കാര്യത്തിൽ കാതലായ വിഷയം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചാണ്. മൂന്നാറിലെ ഭൂരിഭാഗം പട്ടയങ്ങളും ഉപാധികളോടെ നൽകിയതാണെന്നും അവ ഉപാധികൾക്ക് വിരുദ്ധമായി കൈകാര്യം ചെയ്യപ്പെടുന്നു എന്ന് സമ്മതിക്കുമ്പോഴും തിരുത്തൽ ഇടപെടലുകൾക്ക് റവന്യൂ വകുപ്പ് വിമുഖത കാണിയ്ക്കുന്നു. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും ഉപയോഗിച്ച് നടത്താവുന്ന നിയന്ത്രണങ്ങൾക്ക് പോലും റവന്യൂ അധികാരികൾ തയ്യാറാവുന്നില്ല.

പ്രധാന പാതകളിലെ നിരീക്ഷണ ക്യാമറകൾ, യാത്രാസമയം, വാഹനങ്ങളുടെ എണ്ണം എന്നിവയുടെ ക്രമീകരണം, പ്രവേശന കവാടസ്ഥലത്തെ പരിശോധന തുടങ്ങിയ പ്രാഥമിക കാര്യങ്ങളിൽ പോലും മൂന്നാറിലെ ഭരണസംവിധാനം കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടില്ല.

### ശുപാർശകൾ

1. മൂന്നാറിന്റെ ജൈവ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനും അതിനനുസൃതമായി മാത്രമേ കെട്ടിടനിർമ്മാണം, ഭൂവിനി

യോഗം, വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ അനുമതി, വിനോദസഞ്ചാര വികസന പരിപാടികൾ തുടങ്ങിയവ നിർവ്വഹിയ്ക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുമായി ഒരു പരിസ്ഥിതി പരിപാലന വികസന അതോറിറ്റി ആറുമാസത്തിനകം രൂപീകരിക്കണം.

2. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതുവരെ മൂന്നാറിലെ ഗാർഹികേതര ആവശ്യങ്ങൾക്കുള്ള സ്ഥിരമോ താത്കാലികമോ ആയ എല്ലാവിധ കെട്ടിടനിർമ്മാണങ്ങളും നിർത്തിവെയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികളോടൊപ്പം പ്രസ്തുത അതോറിറ്റിയിൽ പരിസ്ഥിതി-കാലാവസ്ഥാ സ്ഥാപനങ്ങൾ/സംഘടനാ പ്രതിനിധികൾ, പരിസ്ഥിതി ശാസ്ത്ര വിദഗ്ദർ തുടങ്ങിയവരും അംഗങ്ങളാകേണ്ടതാണ്.

4. പ്രസ്തുത അതോറിറ്റി രൂപീകരിച്ചുകൊണ്ടുള്ള നിയമം നിലവിൽ വന്ന് ഒരു മാസത്തിനകം ബന്ധപ്പെട്ട ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

5. സംസ്ഥാനത്തിന് മുഴുവൻ ബാധകമായ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ അതേപടി മൂന്നാറിന് ബാധകമാക്കുന്നത് തീർത്തും അപകടകരവും അശാസ്ത്രീയവുമായതിനാൽ മൂന്നാറിനെ പ്രത്യേക സോണുകളായി തിരിച്ച് പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ അടിയന്തിരമായി രൂപീകരിച്ച് നടപ്പാക്കണം.

6. മൂന്നാറിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാലാവസ്ഥ, ജൈവപാരിസ്ഥിതിക സവിശേഷതകൾ എന്നിവ കണക്കിലെടുത്ത് അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം.

7. മൂന്നാറിലെ നിലവിലുള്ള അതീവഗുരുതരമായ മാലിന്യപ്രശ്നങ്ങൾ പരിഗണിച്ച് മൂന്നാർ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കുവേണ്ടി മാലിന്യ നിർമ്മാർജ്ജന പരിപാടികൾക്കായി അധിക ധനസഹായവും പാക്കേജും നടപ്പിലാക്കണം.

8. വ്യവസ്ഥകൾക്കു വിധേയമായി നൽകിയിരിക്കുന്ന പട്ടയഭൂമി-ഗാർഹിക ആവശ്യങ്ങൾക്കുള്ളത് ഒഴികെ-, വ്യവസ്ഥകൾക്കു വിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത്തരം പട്ടയങ്ങൾ ഉടൻ റദ്ദുചെയ്യണം. ഭൂമി തിരിച്ചെടുക്കണം.

9. റവന്യൂ അധികാരികൾക്ക് നിലവിൽ ലഭ്യമായ അധികാരം ഉപയോഗിച്ച് മൂന്നാറിന്റെ ജൈവ പാരിസ്ഥിതിക സവിശേഷതകൾ പ്രകാരം അനുവദനീയമല്ലാത്ത ഉയരമുള്ള എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും നിർമ്മാണവും പ്രവർത്തനവും ഉടൻ നിർത്തിവെയ്ക്കണം.

10. മൂന്നാറിന്റെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് അപകടകരമായേക്കാവുന്ന ഗാർഹികേതര നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകരുത്.

11. സ്റ്റേറ്റ് എൺവയോൺമെന്റ് പോളിസിയുടെ ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് മൂന്നാറിന് മാത്രമായി ഒരു പരിസ്ഥിതി പരിപാലന നയം രൂപീകരിയ്ക്കണം.

12. മൂന്നാറിലെ കൃഷിരീതി, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം എന്നിവ ഉൾപ്പെടെ എല്ലാ കാർഷിക പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി വ്യക്തവും ശാസ്ത്രീയവുമായ മാർഗനിർദേശങ്ങളോടെ ഒരു മൂന്നാർ മാതൃക ആവിഷ്കരിച്ച് നടപ്പിലാക്കണം.

13. മൂന്നാറിലെ സ്ഥിതിവിവരക്കണക്കുകൾ ഭാവിയിലെ ആസൂത്രണത്തിന് ഉപകരിയ്ക്കും വിധം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലുള്ള ഒരു സ്ഥാപനം വഴി സമഗ്രമായ പഠനം നടത്തണം.

14. മറ്റു വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിന്നും വ്യത്യസ്ഥമായി മൂന്നാറിനായുള്ള വിനോദ സഞ്ചാര വകുപ്പിന്റെ പ്രചാരണ, വിവര വിനിമയ പരിപാടികൾ പരിസ്ഥിതി സൗഹൃദ പ്രോട്ടോക്കോൾ പ്രകാരമുള്ളതായിരിക്കണം.

15. വിവിധ വകുപ്പുകൾ വഴി മൂന്നാറിൽ നടപ്പിലാക്കുന്ന പരിപാടികളുടെ കാര്യത്തിൽ ഓരോന്നിലും അതതു മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവർ കൂടി അംഗങ്ങളായ സമിതി വഴി സോഷ്യൽ ആഡിറ്റ് നടപ്പിലാക്കണം.

16. മലിനീകരണ നിയന്ത്രണം, വാഹനനിയന്ത്രണം എന്നിവ സംബന്ധിച്ച്, ഇളവുകൾ അനുവദിക്കാത്തതും കർശനവുമായ വ്യവസ്ഥകൾ ബാധകമാക്കണം. മറ്റിടങ്ങൾക്ക് ബാധകമായതിൽ നിന്നും വ്യത്യസ്തമായ കടുത്ത ശിക്ഷകളും പിഴയുടെ നിരക്കും മലിനീകരണത്തിന്റെ കാര്യത്തിൽ മൂന്നാറിന് ബാധകമാക്കണം.

17. മൂന്നാറിൽ പുതിയതായി യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകൾ സ്ഥാപിക്കുന്നത് അടിയന്തിരമായി നിരോധിക്കണം.

പ്രകൃതി സൗന്ദര്യത്തിന്റെയും തനത് ആവാസ വ്യവസ്ഥകളുടെയും നിറകുടമായ മൂന്നാറിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫലപ്രദമായ രീതിയിലുള്ള ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം പൊതുസമൂഹത്തിൽ നടത്തണം. മൂന്നാറിന്റെ പരിസ്ഥിതി പ്രാധാന്യം പരിഗണിച്ച് മൂന്നാറിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രീൻ ബജറ്റിംഗ് അടിസ്ഥാനമാക്കി പദ്ധതി രേഖ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ■